**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*249** **09.07.2015 - ൽ മറുപടിക്ക്**

**റോഡ് വികസനം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.പി.ടി.എ. റഹീം**<br>**,, ജി.സുധാകരൻ**<br>**,, കെ.കുഞ്ഞിരാമൻ (ഉദുമ)**<br>**ശ്രീമതി.കെ.എസ്.സലീഖ** | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) റോഡുകളുടെ വികസനത്തിനായി നിക്ഷേപ സംഗമം സംഘടിപ്പിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകാമോ ; | (എ) കെ.എസ്സ്.ടി.പി രണ്ട് പദ്ധതിയിൽപ്പെട്ടുത്തി പൊതുജന പങ്കാളിത്തത്തോടെ (PPP Hybrid Annuity) നിർമ്മാണം നടത്തണമെന്ന് ലോകബാങ്ക് നിഷ്കർഷിച്ചിരുന്ന പുനലൂർ - പൊൻകുന്നം റോഡിന്റേയും സംസ്ഥാന റോഡ് വികസന പദ്ധതിയിൽപ്പെട്ടുത്തി RICK ആദ്യഘട്ടത്തിൽ BOT-Annuity അടിസ്ഥാനത്തിൽ വികസിപ്പിക്കുന്ന 107 കി.മീ റോഡിന്റേയും വികസനത്തിനു സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതിനു 2015 മാർച്ചിൽ കൊച്ചിയിൽ നിക്ഷേപക സംഗമം സംഘടിപ്പിച്ചിരുന്നു. ഈ റോഡിന്റെ ദർഘാസ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും നിക്ഷേപകർക്ക് പദ്ധതിയുടെ വിശദ വിവരങ്ങൾ വിവരിച്ചു കൊടുക്കുന്നതിനും അവരെ ആകർഷിക്കുന്നതിനും വേണ്ടിയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. |

| | | |
|---|---|---|
| (ബി) | റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനും സ്വകാര്യ മേഖലയെ അനുവദിക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ ; | (ബി) & (സി) സ്വകാര്യ മേഖലയുടെ കൂടി പങ്കാളി ത്തത്തോടെ റോഡ് ഉപയോക്താ ക്കൾക്ക് ആഘാതമാകാത്ത വിധ ത്തിലുള്ള റോഡ് വികസനം പരിഗണനയിലുണ്ട്. |
| (സി) | അടിസ്ഥാന മേഖലയുടെ സ്വകാ ര്യവത്ക്കരണം പൊതുജനത്തിന് കടുത്ത ആഘാതമാകുമെന്ന ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | |
| (ഡി) | സാമ്പത്തിക പ്രതിസന്ധിയിലാ യിരിക്കുന്ന ചെറുകിട കരാറുകാരെ ഒഴിവാക്കി വൻകിട നിർമ്മാണ കമ്പനികളെ റോഡുകളുടെ നിർ മ്മാണ പ്രവർത്തനം ഏല്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്ത മാക്കുമോ ; | (ഡി) & (ഇ) ഇല്ല |
| (ഇ) | ഇത്തരത്തിൽ നിർമ്മിക്കപ്പെടുന്ന റോഡുകൾക്ക് ടോൾ ഏർപ്പെടു ത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | |

സെക്ഷൻ ഓഫീസർ